<u>15 -ാം കേരള നിയമസഭ</u>

<u>7 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 642</u> <u>06-12-2022 - ൽ മറുപടിയ്ക്ക്</u>

<u>സ്റ്റാർട്ടപ്പ് വില്ലേജ് സംരംഭക പദ്ധതി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. സി.സി. മുകുന്ദൻ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഗ്രാമീണ മേഖലയിലുള്ള യുവജനങ്ങളുടെ തൊഴിലും വരുമാനവും ജീവിതസാഹചര്യങ്ങളും മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ സ്റ്റാർട്ടപ്പ് വില്ലേജ് സംരംഭക പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സ്റ്റാർട്ടപ്പ് വില്ലേജ് സംരംഭപദ്ധതി എന്ന പേരിൽ വ്യവസായ വകുപ്പിനു കീഴിൽ ഒരു പദ്ധതി നടപ്പിലാക്കുന്നില്ല. എന്നാൽ സംസ്ഥാനത്ത് ഗ്രാമീണ മേഖലയിലുള്ള യുവജനങ്ങളുടെ തൊഴിലും വരുമാനവും ജീവിതസാഹചര്യങ്ങളും മെച്ചപ്പെടുത്തുന്നതിനായി, കെ എസ് ഐ ഡി സി യുടെ നേതൃത്വത്തിൽ നൂതനവും വ്യാപാര യോഗ്യമായതുമായ യുവ സംരംഭങ്ങൾക്കു ഇരുപത്തഞ്ചു ലക്ഷം രൂപ വരെ സോഫ്റ്റ് ലോൺ ആയി പ്രാഥമിക മൂലധന സഹായം നൽകി വരുന്നു. സംരംഭം തുടങ്ങുന്നതിനാവശ്യമായ മൊത്തം തുകയുടെ തൊണ്ണൂറ് ശതമാനമോ അല്ലെങ്കിൽ ഇരുപത്തഞ്ചു ലക്ഷം രൂപയോ ആണ് വായ്പാ സഹായം ആയി നൽകി വരുന്നത്. ആർ.ബി. ഐ ബാങ്ക് റേറ്റ് ആയ 6.15 % ആണ് ഈ പദ്ധതിയുടെ നിലവിലുള്ള പലിശ നിരക്ക്. 3 വർഷമാണ് വായ്പ തിരിച്ചടവിനായുള്ള കാലാവധി. വായ്പ, പരസ്പര ധാരണ പ്രകാരം കമ്പനിയിൽ കെ.എസ്.എെ.ഡി.സി-യുടെ ഓഹരി നിക്ഷേപമായി മാറ്റുന്നതിനുള്ള ഓപ്ഷൻ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മേൽപ്പറഞ്ഞവയ്ക്ക് പുറമേ, തങ്ങളുടെ ഉൽപ്പന്നം/സേവനം വിജയകരമായി വികസിപ്പിക്കുകയും വാണിജ്യവത്ക്കരിക്കുകയും ചെയ്ത സ്റ്റാർട്ടപ്പുകൾക്ക് 7% പലിശ നിരക്കിൽ, 50 ലക്ഷം രൂപ വരെ 3 വർഷത്തേക്ക് വായ്പ നൽകുന്ന സ്കെയിൽ അപ്പ് സപ്പോർട്ട് പദ്ധതി കെ.എസ്.ഐ.ഡി.സി. നടപ്പിലാക്കി വരുന്നു . |
| (ബി) | ഗ്രാമീണ മേഖലയിൽ സംരംഭകർക്കാവശ്യമായ പരിശീലനവും ബിസിനസ് പ്ലാൻ തയ്യാറാക്കുന്നതിനുള്ള സഹായവും നൽകാൻ | (ബി) | 2022-23 സംരംഭക വർഷമായി കേരള സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. സംരംഭക വർഷത്തിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ |

| | | | |
|---|---|---|---|
| | എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ; | | ചെറുകിട ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് 3 മുതൽ 4 ലക്ഷം വരെയുള്ള ആളുകൾക്ക് തൊഴിൽ കൊടുക്കുവാനുള്ള ഒരു ബൃഹത്തായ പദ്ധതിക്ക് തദ്ദേശ സ്വയംഭരണം, സഹകരണം, ഫിഷറീസ്, മൃഗ സംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് നടത്തിവരുന്നു.<br><br>സംരംഭക വർഷത്തിന്റെ വിവിധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി സംസ്ഥാന, ജില്ലാ, തദ്ദേശ സ്ഥാപന തലത്തിൽ കമ്മിറ്റികൾ രൂപീകരിച്ചു. ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ നടപ്പിലാക്കുന്നതിന് എല്ലാ തദ്ദേശ സ്ഥാപനങ്ങളിലുമായി പ്രൊഫെഷണൽ യോഗ്യതയുള്ള 1153 ഇന്റേണുകളെ നിയമിച്ചിട്ടുണ്ട്. കേരളത്തിലെ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലും തിങ്കൾ, ബുധൻ ദിവസങ്ങളിൽ ഹെല്പ് ഡെസ്ക് വഴിയുള്ള ഇന്റേണിന്റെ സേവനം ലഭ്യമാകുന്നതാണ്. ഒരു തദ്ദേശ സ്ഥാപന തലത്തിൽ മാസത്തിൽ നിശ്ചിത എണ്ണം സ്ഥാപനങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ഇന്റേണുകൾക്ക് ലക്ഷ്യവും നൽകിയിട്ടുണ്ട്.<br><br>ഈ പദ്ധതി നടത്തിപ്പിന്റെ ആദ്യ ഘട്ടമെന്ന നിലയിൽ, കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണസ്ഥാപന പ്രദേശങ്ങളിലും, സംരംഭം തുടങ്ങാൻ താല്പര്യമുള്ള വ്യക്തികൾക്ക് പൊതു ബോധവൽക്കരണ പരിപാടി നടത്തിയിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങളിലെ പൊതു ബോധവൽക്കരണ പരിപാടിയിൽ പങ്കെടുക്കുന്ന സംരംഭകർക്ക് ആവശ്യമായ വിവരങ്ങൾ നൽകുന്നതിനായി ജില്ലാ പ്രൊഫൈലുകൾ, ആവശ്യമായ ലൈസൻസുകൾ, ലഭ്യമായ സഹായ പദ്ധതികൾ എന്നീ വിവരങ്ങൾ ക്രോഡീകരിച്ച് പ്രത്യേക കൈപുസ്തകങ്ങൾ ജില്ലാ തലത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഒരു ലക്ഷം സംരംഭങ്ങളുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന സംരംഭങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിനും ഒരു ഓൺലൈൻ പോർട്ടൽ ആരംഭിച്ചിട്ടുണ്ട്. തുടർന്ന് 2022, ആഗസ്റ്റ്-സെപ്റ്റംബർ മാസങ്ങളിൽ ലൈസൻസ്/ലോൺ/സബ്സിഡി മേളകൾ നടത്തിയിട്ടുണ്ട്. മേൽ സ്വീകരിച്ച പ്രവർത്തനങ്ങളുടെ ഫലമായി സംരംഭകവർഷം വിഭാവനം ചെയ്തിരുന്ന 98800 സംരംഭങ്ങൾ |

| | | | |
|---|---|---|---|
| | | | ഇതിനകം രജിസ്റ്റർ ചെയ്യുകയും പദ്ധതി വൻവിജയമായി ദേശീയ ശ്രദ്ധ ആകർഷിച്ചിട്ടുള്ളതുമാണ്.<br><br>വ്യവസായ വകുപ്പിനു കീഴിൽ ഉള്ള 59 താലൂക്ക് വ്യവസായ കേന്ദ്രങ്ങളെയും എന്റർപ്രൈസ് ഫെസിലിറ്റേഷൻ സെന്ററുകളായി മാറ്റുകയും, അവിടെയെല്ലാം താലൂക്ക് റിസോഴ്സ് പേഴ്സൺമാരെ നിയമിക്കുകയും ചെയ്തു. കൂടാതെ എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും പ്രൊഫെഷണൽ യോഗ്യതയുള്ള ജില്ലാ റിസോഴ്സ് പേഴ്സൺമാരെയും നിയമിച്ചിട്ടുണ്ട്. കൂടാതെ സംരംഭകരുടെ പരാതികൾ പരിഹരിക്കുന്നതിനും സംശയ നിവാരണത്തിനുമായി ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ നേതൃത്വത്തിൽ വിവിധ മേഖലകളിലെ വിദഗ്ധരെ എംപാനൽ ചെയ്ത് എം.എസ്.എം.ഇ ക്ലിനിക്ക് രൂപീകരിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം സംരംഭകർക്ക് സൗജന്യമായി വിദഗ്ധരുമായി ചർച്ച ചെയ്ത് ബിസിനസ്സ് പ്ലാനുകൾ ഉൾപ്പെടെ തയാറാക്കുന്നതിനുള്ള അവസരം ലഭിക്കുന്നതാണ്. |
| (സി) | ഈ പദ്ധതി സംസ്ഥാനത്ത് എത്രത്തോളം പുതിയ തൊഴിലവസരങ്ങളും സംരംഭകർക്ക് വരുമാനവും ഉറപ്പാക്കാൻ സഹായകമായിട്ടുണ്ട്; വിശദമാക്കാമോ; | (സി) | കെ എസ് ഐ ഡി സി മുഖേന നാളിതുവരെ 132 സ്റ്റാർട്ടപ്പുകൾക്ക് സാമ്പത്തിക സഹായം അനുവദിച്ചു. അതിൽ 89 സ്റ്റാർട്ടപ്പുകൾ അനുവദിച്ച തുക പ്രയോജനപ്പെടുത്തിയിട്ടുണ്ട്. കെ എസ് ഐ ഡി സി യുടെ മേൽ പദ്ധതിയിലൂടെ ഇതുവരെ പതിനായിരത്തോളം തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട് എന്ന് കണക്കാക്കുന്നു. |
| (ഡി) | സംരംഭ വികസനത്തിൽ പ്രത്യേക പരിശീലനം നേടിയ മൈക്രോ എന്റർപ്രൈസസ് കൺസൾട്ടന്റുമാരെ സ്റ്റാർട്ടപ്പ് വില്ലേജ് സംരംഭക പദ്ധതി നടപ്പിലാക്കുന്നതിനായി നിയോഗിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ഡി) | ഉദ്ദേശിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ